# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2617

### 17-06-2019 ൽ മറുപടിക്ക്

**വിദേശ വായ്പകൾക്ക് നിയമ വകുപ്പിന്റെ അംഗീകാരം**

| ചോദ്യം<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. എം. വിൻസെന്റ് | മറുപടി<br>ശ്രീ. എ.കെ. ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാന സർക്കാർ ഗ്യാരന്റി നല്കി എടുക്കുന്ന വിദേശ വായ്പകൾക്ക് നിയമ വകുപ്പിന്റെ അംഗീകാരം ആവശ്യമാണോ; | സംസ്ഥാന സർക്കാർ ഗ്യാരന്റി നല്കി എടുക്കുന്ന വിദേശ വായ്പകൾക്ക് നിയമ വകുപ്പിന്റെ അംഗീകാരം ആവശ്യമാണ്. |
| (ബി) സർക്കാർ ഗ്യാരന്റിയിൽ കിഫ്ബി പുറത്തിറക്കിയ മസാല ബോണ്ടുകൾക്ക് ഇന്ത്യൻ നിയമമല്ല മറിച്ച് ബ്രിട്ടീഷ് നിയമമാണ് ബാധകമാകുന്നത് എന്ന വസ്തുത നിയമ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;<br>(സി) സർക്കാർ ഗ്യാരന്റി നൽകുന്ന ബോണ്ടുകളിൽ ഉടലെടുക്കുന്ന നിയമ തർക്കങ്ങൾ സംബന്ധിച്ച കേസുകൾ ലണ്ടൻ കോടതിയിൽ തീർപ്പ് കൽപിക്കേണ്ടതായി വരുന്ന വ്യവസ്ഥ ഗൗരവമേറിയതല്ലേ എന്ന് പരിശോധിച്ചിട്ടുണ്ടോ;<br>(ഡി) പ്രസ്തുത വ്യവസ്ഥ സംസ്ഥാന താത്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് നിയമ വകുപ്പിന് അഭിപ്രായമുണ്ടോ എന്ന് അറിയിക്കാമോ? | സർക്കാർ ഗ്യാരന്റിയിൽ കിഫ്ബി പുറത്തിറക്കിയ മസാല ബോണ്ടുകൾക്ക് ഇന്ത്യൻ നിയമമല്ല മറിച്ച് ബ്രിട്ടീഷ് നിയമമാണ് ബാധകമാകുന്നത് എന്ന വസ്തുതയും നിയമ വകുപ്പ് പരിശോധിച്ചിട്ടുണ്ട്. വിദേശ വിപണിയിൽ വിറ്റഴിക്കുന്ന ബോണ്ടുകളായതിനാലാണ് ഇവ ബ്രിട്ടീഷ് നിയമ പരിധിയിയിൽ വന്നത്. എൻ.ടി.പി.സി, എൻ.എച്ച്.എ.ഐ എന്നീ കേന്ദ്ര ഏജൻസികൾ ഉൾപ്പടെ ഇന്ത്യൻ സ്ഥാപനങ്ങൾ ഇറക്കിയിട്ടുള്ള എല്ലാ മസാല ബോണ്ടുകളും ബ്രിട്ടീഷ് നിയമ വ്യവസ്ഥയിൽ ഉള്ളതായിരുന്നു. പ്രസ്തുത വ്യവസ്ഥ സംസ്ഥാന താല്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് അഭിപ്രായമില്ല. |

സെക്ഷൻ ഓഫീസർ